അന്താരാഷ്ട്ര ബാലികാദിനം

ലോകത്ത് പെൺകുട്ടി അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ലിംഗ വിവേചനമടക്കം അവർ നേരിടുന്ന വെല്ലുവിളികൾക്കെതിരെ പ്രതികരിക്കാനുമാണ് ബാലികദിനം ആചരിക്കുന്നത്. 1995ൽ ചൈനയിലെ ബെയ്ജിങ്ങിൽ നടന്ന ലോക വനിത സമ്മേളനത്തിലാണ് ഇത്തരമൊരു ദിനാചരണത്തെ പറ്റി ആദ്യം ആലോചന വന്നത്. കനേഡിയൻ മന്ത്രി റോണ ആംബ്രോസ് ഇതു സംബന്ധിച്ച് യു.എന്നിൽ പ്രമേയം അവതരിപ്പിച്ചു. 2011ൽ യു.എൻ ജനറൽ അസംബ്ലി പ്രമേയം അംഗീകരിച്ചു. ശൈശവ വിവാഹത്തിനെതിരായ ആഹ്വാനവുമായി 2012ലാണ് ആദ്യ അന്താരാഷ്ട്ര ബാലികാദിനം ആചരിച്ചത്.

അജാനൂർ ഫിഷിങ് ഹാർബർ അന്തിമഘട്ടത്തിലെന്ന് മന്ത്രി

കാഞ്ഞങ്ങാട്: അജാനൂർ ഫിഷിങ് ഹാർബർ നിർമിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ. പദ്ധതിക്ക് സി.ആർ.ഇസെഡ് ക്ലിയറൻസും കേന്ദ്രസർക്കാർ അംഗീകാരവും ലഭിക്കുന്ന മുറക്ക് അജാനൂർ മത്സ്യബന്ധന തുറമുഖം യാഥാർഥ്യമാകുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. നിയമസഭയിൽ ഇ. ചന്ദ്രശേഖരൻ എം.എൽ.എയുടെ സബ്മിഷന് മറുപടിയായാണ് ഇക്കാര്യം പറഞ്ഞത്.

പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പഠനങ്ങളും പൂർത്തിയായി. കേന്ദ്രസർക്കാർ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു യോഗം ഒക്ടോബർ 16ന് തിരുവനന്തപുരത്ത് നടക്കും. ഇതിൽ ഫിഷറീസ് മന്ത്രി സജി ചെറിയാൻ, ഇ. ചന്ദ്രശേഖരൻ എം.എൽ.എ തുടങ്ങിയവരും വകുപ്പുതല ഉദ്യോഗസ്ഥരും എൻജിനീയർമാരും സംബന്ധിക്കും.

അജാനൂർ ഫിഷിങ് ഹാർബർ നിർമിക്കുന്നതിന് 2022 മാർച്ച് 24ന് 101.33 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചിരുന്നു. മാതൃകാപഠനമനുസരിച്ചുള്ള മുഴുവൻ ഘടകങ്ങളും നിർമിക്കാൻ 230 കോടി രൂപ ആവശ്യമായിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ഇതിൽ മത്സ്യബന്ധന തുറമുഖവും അനുബന്ധഘടകങ്ങളും നിർമിക്കാൻ 169 കോടി രൂപ ചെലവ് വരും. പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് സി.ആർ.ഇസെഡ് ക്ലിയറൻസ് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിസ്ഥിതി ആഘാത പഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അജാനൂർ മത്സ്യബന്ധന തുറമുഖം യാഥാർഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാകും. ഇതോടെ, ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ഭയമില്ലാതെ മത്സ്യബന്ധനത്തിനിറങ്ങാനാകും.

കാൽ കുടുങ്ങരുതേ...

ദിവസവും നൂറുകണക്കിന് ആളുകളെത്തുന്ന ഗ്യാസ് ഏജൻസിക്ക് സമീപത്തെ ഓവുചാൽ സ്ലാബുകൾ അപകടഭീഷണി ഉയർത്തുന്നു

നീലേശ്വരം: നഗരത്തിൽ രാജാ റോഡരികിലുള്ള ഓവുചാൽ സ്ലാബിന്റെ മുകളിൽക്കൂടി നടക്കുന്നവർ ശ്രദ്ധിച്ചില്ലെങ്കിൽ കാൽ കുടുങ്ങും. പലയിടത്തും സ്ലാബുകൾക്കിടയിൽ വിള്ളലുകളായ സ്ഥിതിയാണ്.

ചിലയിടങ്ങളിലെ സ്ലാബുകൾ ഉയർന്ന് താഴ്ന്നുകിടക്കുന്ന അവസ്ഥയാണ്. ആളുകൾ നടന്നുപോകുമ്പോൾ സ്ലാബ് നിരപ്പല്ലാത്തതിനാൽ വലിയ ശബ്ദം കേൾക്കും. നീലേശ്വരം ഗ്യാസ് ഏജൻസി മുതൽ പടിഞ്ഞാറുഭാഗത്തെ സ്ലാബുകളെല്ലാം വലിയ അപകട ഭീഷണിയുയർത്തി നിൽക്കുന്നു. ഈ ഭാഗത്തെ സ്ലാബുകളിൽ കൂടി നടന്നു പോകുന്നവർ ശ്രദ്ധിച്ചില്ലെങ്കിൽ കാലു കുടുങ്ങി പരിക്കുപറ്റുമെന്ന കാര്യത്തിൽ സംശയമില്ല.

ദിവസവും നൂറുകണക്കിന് ആളുകളെത്തുന്ന ഗ്യാസ് ഏജൻസിക്ക് സമീപത്തെ അപകട സ്ലാബുകൾ നഗരസഭ ഇടപെട്ട് ശരിയാക്കണമെന്നാണ് ജനങ്ങൾ പറയുന്നത്. ഉയർന്നുനിൽക്കുന്ന സ്ലാബുകൾ ക്രമം തെറ്റിയും കിടക്കുന്നു. ഓവുചാലിന് മുകളിൽ കൂടി മാത്രമേ നടന്നുപോകാൻ കഴിയുകയുള്ളൂ. മാത്രമല്ല, റോഡിനോട് ചേർന്ന് പഴയ കെട്ടിടമുള്ളതിനാൽ കാൽനടക്കാർ ഭീതിയോടെയാണ് സഞ്ചരിക്കുന്നത്. ഇവിടെ നടന്നുപോകാൻ ഒരു വഴിയുമില്ല. അമിതവേഗത്തിൽ വരുന്ന വാഹനങ്ങളും കാൽനടക്കാർക്ക് ഭീഷണിയാണ്.

മഴക്കാലപൂർവ ശുചീകരണം നടക്കാത്തതിനാൽ ഓവുചാൽ സ്ലാബ് നിരപ്പായി കിടക്കുന്നില്ല. അതുപോലെ ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശത്തുള്ള സ്ലാബുകളും അപകടം വരുത്തുന്നവയാണ്. നഗരസഭ അധികൃതർ ഇടപെട്ട് ഓവുചാലിന് മുകളിലുള്ള സ്ലാബുകൾ കാൽനടക്കാർക്ക് അപകടം വരാത്ത നിലയിൽ പുനഃക്രമീകരിക്കണമെന്നാണ് നഗരത്തിലെത്തുന്നവർ ആവശ്യപ്പെടുന്നത്.

നീലേശ്വരം ഗ്യാസ് ഏജൻസിക്ക് സമീപം അപകടഭീഷണിയുയർത്തുന്ന സ്ലാബുകൾ

മഞ്ചേശ്വരം കോഴക്കേസ്

'കോടതിവിധി വളച്ചൊടിക്കുന്നവർ സംവാദത്തിന് തയാറാവണം'

കാസർകോട്: കെ. സുരേന്ദ്രനെ കുറ്റമുക്തനാക്കിയ കോടതിവിധി വളച്ചൊടിക്കുന്നവർ ബി.ജെ.പിക്കെതിരെ നടത്തിയ കുപ്രചാരണങ്ങൾ പൊളിഞ്ഞുപോയ ജാള്യം മറച്ചുവെക്കാൻ വേണ്ടിയാണെന്ന് ബി.ജെ.പി സംസ്ഥാന സെക്രട്ടറി അഡ്വ. കെ. ശ്രീകാന്ത്. അവരൊക്കെ തുറന്ന സംവാദത്തിന് തയാറുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു.

ഇടതുവലത് മുന്നണികളും ബി.ജെ.പി വിരുദ്ധ മാധ്യമങ്ങളും പാർട്ടിക്കെതിരെ സുന്ദര നാമനിർദേശപത്രിക പിൻവലിച്ചത് സംബന്ധിച്ച് നടത്തിയത് വൻ കുപ്രചാരണങ്ങളായിരുന്നുവെന്ന് കോടതിവിധി വന്നതോടെ തെളിഞ്ഞിരിക്കുകയാണ്. കുപ്രചാരണം നടത്തിയവരുടെ മുഖത്തേറ്റ കനത്ത പ്രഹരമാണ് വിധി. ഈ ജാള്യത മറച്ചുവെക്കാൻ വേണ്ടിയാണ് കേസിൽ കുറ്റപത്രം സമർപ്പിക്കാൻ വൈകിയതുകൊണ്ടാണ് കേസ് തള്ളിയതെന്ന് നുണ പ്രചരിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ് നേതാവും മുൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. ആസിഫ് അലിയുടെ ആരോപണം അടിസ്ഥാന രഹിതമാണ്. ഈ കേസിൽ കെ. സുരേന്ദ്രൻ ഉൾപ്പെടെയുള്ള പ്രതികളെ കള്ളക്കേസിൽ കൃത്രിമരേഖകളും മൊഴികളും സൃഷ്ടിച്ച് പീഡിപ്പിക്കാനാണ് അന്വേഷണസംഘവും സംസ്ഥാന സർക്കാറും ശ്രമിച്ചത്. സുന്ദരയുടെ മൊഴിമാറ്റം വിശ്വസിക്കാൻ കഴിയാത്തതാണെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കള്ളപ്രചാരണം അവസാനിപ്പിച്ച് അഡ്വ. ആസിഫ് ആലി ഉൾപ്പെടെ ആരുമായും ഒരു തുറന്ന സംവാദത്തിന് ബി.ജെ.പി തയാറാണെന്നും ശ്രീകാന്ത് കൂട്ടിച്ചേർത്തു.

'സ്വർഗീയ പൂന്തോപ്പ്' 13ന്

ചെമ്മനാട്: അലിഫ് ലൈല ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന സ്വർഗീയ പൂന്തോപ്പ് ഒക്ടോബർ 13ന് ദേളി കുവ്വത്തൊട്ടി കെ.ജി.എൻ കോമ്പൗണ്ടിൽ നടക്കും.

രാവിലെ ഒമ്പതിന് തുടങ്ങുന്ന പരിപാടിയിൽ ബുർദ, ഖവാലി, നഷീദ, മാഷപ്പ്, ദഫ് തുടങ്ങി വിവിധ കലാവിരുന്ന് ഉണ്ടായിരിക്കും. വൈകീട്ട് അഞ്ചിന് സമാപനച്ചടങ്ങ് ഇമ്പിച്ചി തങ്ങൾ ആദൂർ ഉദ്ഘാടനം ചെയ്യും. അബ്ദുൽ ഗഫൂർ എരിയാൽ, അഹമ്മദലി ബെണ്ടിച്ചാൽ, അബ്ദുറഹ്മാൻ ചൗക്കി തുടങ്ങിയവർ സംബന്ധിക്കും.

കേരള സർക്കാർ ദർഘാസുകൾ

07-10-2024 മുതൽ 09-10-2024 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

കൃഷി വകുപ്പ്

ദർഘാസ് : 2024_AGRI_695169_1 * AGRICULTURAL OFFICER * PURCHASE OF HDPE POTS POTTING MIXTURE AND PLANTING MATERIALS * അവസാന തീയതി : 26-Oct-2024 * അടങ്കൽ :₹533333

ദർഘാസ് : 2024_AGRI_695234_1 * AGRICULTURAL OFFICER * PURCHASE OF LIME SHELL AND GROUND NUT CAKE * അവസാന തീയതി : 26-Oct-2024 * അടങ്കൽ :₹2133333

പുരാവസ്തു വകുപ്പ്

ദർഘാസ് : 2024_ARCHY_688313_2 * Director,Dept. of Archaeology * Urgent repair works to the protected monument, Kottappuram F * അവസാന തീയതി : 25-Oct-2024 * അടങ്കൽ :₹1059250

മത്സ്യബന്ധന വകുപ്പ്

ദർഘാസ് : 2024_FISHR_694857_1 * Director of Fisheries * supply and installation of Electronic Display Board in Neend * അവസാന തീയതി : 22-Oct-2024 * അടങ്കൽ :₹4067530

ആരോഗ്യ വകുപ്പ്

ദർഘാസ് : 2024_DHS_694575_8 * Superintendent * SUPPLY OF LAB REAGENTS * അവസാന തീയതി : 22-Oct-2024 * അടങ്കൽ :₹4500000

ദർഘാസ് : 2024_DHS_694575_1 * Superintendent * SUPPLY OF LAB REAGENTS * അവസാന തീയതി : 22-Oct-2024 * അടങ്കൽ :₹4500000

ദർഘാസ് : 2024_DHS_694625_1 * Superintendent * Mathruyanam * അവസാന തീയതി : 14-Oct-2024 * അടങ്കൽ :₹500000

ദർഘാസ് : 2024_DHS_695261_1 * DISTRICT PROGRAMME MANAGER * Vehicle for DPM * അവസാന തീയതി : 22-Oct-2024 * അടങ്കൽ :₹600000

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ദർഘാസ് : 2024_DME_695530_1 * Principal * ET-C2/E-996180/2024/GMCKLM * അവസാന തീയതി : 23-Oct-2024 * അടങ്കൽ :₹998550

ദർഘാസ് : 2024_DME_695291_1 * Principal * Purchase of Centralized Inventory Management Software for th * അവസാന തീയതി : 24-Oct-2024 * അടങ്കൽ :₹500000

ദർഘാസ് : 2024_DME_694692_1 * principal * Purchase of Equipments for Anatomy Dept. * അവസാന തീയതി : 23-Oct-2024 * അടങ്കൽ :₹1363320

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം

ദർഘാസ് : 2024_DP_694790_1 * VEO * PURCHASE OF BOCKASHI BUCKET * അവസാന തീയതി : 21-Oct-2024 * അടങ്കൽ :₹1607425

ദർഘാസ് : 2024_DP_694975_1 * Village Extension Officer * Biobin Distribution * അവസാന തീയതി : 29-Oct-2024 * അടങ്കൽ :₹772555

ദർഘാസ് : 2024_DP_695532_1 * VILLAGE EXTENSION OFFICER * VEO-138/2024-25 * അവസാന തീയതി : 30-Oct-2024 * അടങ്കൽ :₹770200

ദർഘാസ് : 2024_DP_694939_1 * Secretary * Street Light Maintenance Material Supply * അവസാന തീയതി : 21-Oct-2024 * അടങ്കൽ :₹547502

ദർഘാസ് : 2024_DP_695349_3 * SECRETARY * Safety Equipments and Other materials * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹600000

ദർഘാസ് : 2024_DP_695349_10 * SECRETARY * BIOGAS PLANT * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹969600

ദർഘാസ് : 2024_DP_695349_11 * SECRETARY * INCENERATOR * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹2800000

ദർഘാസ് : 2024_DP_695349_8 * SECRETARY * BIOBIN * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹1426432

ദർഘാസ് : 2024_DP_695349_5 * SECRETARY * Waste Collection Bin * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹500000

ദർഘാസ് : 2024_DP_695349_7 * SECRETARY * BIODIGESTER * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹500000

ദർഘാസ് : 2024_DP_695349_6 * SECRETARY * BIODIGESTER * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹550000

ദർഘാസ് : 2024_DP_695349_9 * SECRETARY * BIOBIN * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹1296000

ദർഘാസ് : 2024_DP_695349_1 * SECRETARY * Street Light Maitanance * അവസാന തീയതി : 17-Oct-2024 * അടങ്കൽ :₹875000

ദർഘാസ് : 2024_DP_693772_2 * Secretary * Parambimukku Thekku Karalil Padinjaru KIP Footpath Concrete * അവസാന തീയതി : 26-Oct-2024 * അടങ്കൽ :₹786529

ദർഘാസ് : 2024_DP_693772_3 * Secretary * Pattaruthopil to Kottapuarthu Temple Footpath Concrete Ward * അവസാന തീയതി : 26-Oct-2024 * അടങ്കൽ :₹810483

ദർഘാസ് : 2024_DP_693772_1 * Secretary * Chambakadavu Canal Footpath Concrete Ward 4 * അവസാന തീയതി : 26-Oct-2024 * അടങ്കൽ :₹509057

ദർഘാസ് : 2024_DP_695222_1 * Village Extension Officer * Establishing Household level Ring Compost Unit * അവസാന തീയതി : 18-Oct-2024 * അടങ്കൽ :₹1125600

ദർഘാസ് : 2024_DP_695107_1 * secretary * SEC/4100/2024 * അവസാന തീയതി : 30-Oct-2024 * അടങ്കൽ :₹700000

ദർഘാസ് : 2024_DP_695488_1 * SECRETARY * Minimast Repair in Various Wards * അവസാന തീയതി : 21-Oct-2024 * അടങ്കൽ :₹821506

ദർഘാസ് : 2024_DP_694793_1 * Secretary * Purchase of Streetlight parts * അവസാന തീയതി : 21-Oct-2024 * അടങ്കൽ :₹830000

ദർഘാസ് : 2024_DP_694624_1 * Fisheries Officer * (34)FisheriesTableChair2024-25 * അവസാന തീയതി : 22-Oct-2024 * അടങ്കൽ :₹500000

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 07-09/Oct/2024/PRD/1

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല യൂനിയൻ കലോത്സവം ലോഗോ പ്രകാശനം സിനിമാ താരം കുഞ്ഞികൃഷ്ണൻ നിർവഹിക്കുന്നു

കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല യൂനിയൻ കലോത്സവം

കാഞ്ഞങ്ങാട്: കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല യൂനിയൻ നോർത്ത് സോൺ കലോത്സവം ഒക്ടോബർ 17, 18, 19, 20 തീയതികളിൽ നടക്കും. ലോഗോ പ്രകാശനം സിനിമതാരം പി.പി. കുഞ്ഞികൃഷ്ണൻ നിർവഹിച്ചു. ജന. കൺവീനർ കെ. പ്രണവ്, ജ്യഷിത സി. പവിത്രൻ, വി. ഗിനീഷ്, ഇമ്മാനുവൽ, അലൻ പെരിയ, ഭാനു പ്രതാപ് എന്നിവർ പങ്കെടുത്തു.

തപാൽദിനം ആചരിച്ചു

കാഞ്ഞങ്ങാട്: ലോക തപാൽ ദിനം ആനന്ദാശ്രമം റോട്ടറി സ്പെഷൽ സ്കൂളിൽ സമുചിതമായി ആചരിച്ചു.

വിദ്യാർഥികൾക്കായി തപാൽ സ്റ്റാമ്പുകളുടെയും തപാൽപ്പെട്ടി ഉൾപ്പെടെയുള്ളവയുടെയും പ്രദർശനം നടത്തി.

തപാൽ വകുപ്പിൽ 39 വർഷം സേവനമനുഷ്ഠിച്ച പ്ലാച്ചിക്കരയിലെ ടി.ടി. ജേസഫിനെ റോട്ടറി കാഞ്ഞങ്ങാട് പ്രസിഡന്റ് അഡ്വ. രാധാകൃഷ്ണൻ ഷാളണിയിച്ച് ഉപഹാരം നൽകി.

പെയ്ഡ് ജില്ല പ്രസിഡന്റ് ടി. മുഹമ്മദ് അസ് ലം, പ്രിൻസിപ്പൽ ബീന സുകു, സ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ എൻ. സുരേഷ്, എൻ. ബീന എന്നിവർ സംസാരിച്ചു. ദീർഘകാലം അധ്യാപകനായി സേവനമനുഷ്ഠിച്ച എൽ.എൽ.ഡി കൺവീനർ കെ.വി. രാമചന്ദ്രനെ പ്രിൻസിപ്പൽ ബീന സുകു ആദരിച്ചു. ടി. മുഹമ്മദ് അസ്‍ലം ഉപഹാരം നൽകി.

ലോക മാനസികാരോഗ്യ ദിനം

ലോകമാനസികാരോഗ്യ ദിനത്തിൽ ചീമേനി ടൗണിൽ എൻ.എസ്.എസ് വളന്റിയർമാരുടെ നേതൃത്വത്തിൽ നടന്ന ബോധവത്കരണ ഫ്ലാഷ്മോബ്

കാഞ്ഞങ്ങാട്: ലോക മാനസികാരോഗ്യ ദിനത്തിന്റെ ജില്ലതല ഉദ്ഘാടനം സംഘടിപ്പിച്ചു. കോളജ് ഓഫ് എൻജിനീയറിങ് ചീമേനിയിൽ സംഘടിപ്പിച്ച പരിപാടി കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്ത ഉദ്ഘാടനം ചെയ്തു. ആരോഗ്യ-വിദ്യാഭ്യാസം സ്ഥിരംസമിതി അധ്യക്ഷൻ ശശിധരൻ അധ്യക്ഷതവഹിച്ചു. ജില്ല സർവെയ്‍ലൻസ് ഓഫിസർ ഡോ. സന്തോഷ് മുഖ്യപ്രഭാഷണവും ജില്ല മാനസികാരോഗ്യവിഭാഗം നോഡൽ ഓഫിസർ ഡോ. സണ്ണി മാത്യു ദിനാചരണ സന്ദേശവും നൽകി. ശ്രീജ, ഡോ. മഹേഷ്, അബ്ദുൽലത്തീഫ് മഠത്തിൽ, ഡോ. ലിൻഡ, ജ്യോതി, ശ്രീകാന്ത് എന്നിവർ സംസാരിച്ചു.

ചെറുവത്തൂർ ബ്ലോക്ക് കുടുംബാരോഗ്യം മെഡിക്കൽ ഓഫിസർ ഡോ. രാജ്മോഹൻ സ്വാഗതവും കയ്യൂർ കുടുംബാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ രാജീവൻ നന്ദിയും പറഞ്ഞു.

ദിനാചരണത്തിന്റെ ഭാഗമായി ചീമേനി ടൗണിൽ എൻ.എസ്.എസ് വളന്റിയർമാർ ഫ്ലാഷ്മോബ് സംഘടിപ്പിച്ചു. ഡോ. ശ്രുതി 'കൗമാരവും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ ക്ലാസെടുത്തു. തുടർന്ന് 'മാനസികാരോഗ്യം: പ്രശ്നങ്ങൾ, വെല്ലുവിളികളും' വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ജില്ല മാനസികാരോഗ്യ പരിപാടി നോഡൽ ഓഫിസർ ഡോ. സണ്ണി മാത്യു, സൈക്യാട്രിസ്റ്റ് ഡോ. ശ്രുതി, ജില്ല ആശുപത്രി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആൽബിൻ എൽദോസ്, സൈക്യാട്രിക് സോഷ്യൽ വർക്കർ റിൻസ് മാണി എന്നിവർ പാനൽ ചർച്ചക്ക് നേതൃത്വം നൽകി. എല്ലാ വർഷവും ഒക്ടോബർ 10ന് ലോക മാനസികാരോഗ്യദിനം ആചരിക്കുന്നു. വേൾഡ് ഫെഡറേഷൻ ഫോർ മെന്റൽ ഹെൽത്ത് സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈദിനം ആചരിക്കുന്നത്. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ സഹായം തേടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം വളർത്തുകയാണ് ഈദിനം കൊണ്ട് ലക്ഷ്യമിടുന്നത്. തൊഴിലിടങ്ങളിലെ മാനസികാരോഗ്യം മുൻഗണന നൽകാൻ സമയമായി എന്നതാണ് ഈ വർഷത്തെ ലോക മാനസികാരോഗ്യ ദിനാചരണ സന്ദേശം. ഈ സന്ദേശത്തെ ആസ്പദമാക്കി ജില്ലയിലെ ആരോഗ്യകേന്ദ്രങ്ങളിൽ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ജില്ല മെഡിക്കൽ ഓഫിസർ അറിയിച്ചു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ

എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35 email: ro1016@sib.co.in, CIN No.L65191KL1929PLC001017

രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020 E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റി കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ/ജാമ്യക്കാർ **(1) ശ്രീ. മഹ്ഫൂസ് എം.ഡി.,** S/o ഇസ്മായിൽ മുണ്ടങ്ങലം, മുണ്ടങ്ങലം ഹൗസ്, ബേവിഞ്ച, തെക്കിൽഫെറി പി.ഒ., ചെങ്കള, കാസർകോട്, കേരളം-671541 **2) ശ്രീമതി ഇർഫാന ഇബ്രാഹിം, 3) ശ്രീമതി മറിയംബി കെ.എ.** W/o ഇസ്മായിൽ മുണ്ടങ്ങലം **4) ഫാത്തിമ റിസ്‌വാന 5) ശ്രീ. മാറൂഫ് എം.ഡി.,** S/o. ഇസ്മായിൽ മുണ്ടങ്ങലം, എല്ലാവരും താമസിക്കുന്നത് മുണ്ടങ്ങലം ഹൗസ്, ബേവിഞ്ച, തെക്കിൽഫെറി പി.ഒ., ചെങ്കള, കാസർകോട്, കേരളം-671541 **6) അഹമ്മദ് ബഷീർ,** S/o അഹമ്മദ്, മിഹ്‌വാൻ മഹൽ, കൊമ്പൻപാറ, കൽനാട്, കാസർകോട്, 671317, **7) റാബിയ ബഷീർ,** W/o ബഷീർ, ബുസ്താന മഹൽ, ന്യൂ ഹാപ്പി മൻസിൽ, കൽനാട്, കാസർകോട് 671317.

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പ്രത്യക്ഷത്തിൽ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും ഐറ്റം നം.1 ഈട് നൽകിയതിലേക്ക് മഹ്ഫൂസ് എം.ഡി യുടെ ഒഡി. കോൺട്രാക്ടേഴ്സ് & എഫ്.ഐ.ടി.എൽ ലോൺ അക്കൗണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എറണാകുളം ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 531/2022ൽ വിശദീകരിച്ച പ്രകാരം 07.10.2024ന് ഈടാക്കാനുള്ള തുകയായ **3,92,10,822.46 (മൂന്ന് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി പത്തായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ നാൽപ്പത്തിയാറ് പൈസ മാത്രം)** കൂടാതെ 08.10.2024 മുതലുള്ള പലിശയും പിഴപ്പലിശയും ചെലവുകളും സഹിതം & ഐറ്റം നം.2 ഈട് നൽകിയതിലേക്ക് മഹ്ഫൂസ് എം.ഡി യുടെ വസ്തുവിൻമേലുള്ള ഒഡി. & എഫ്.ഐ.ടി.എൽ ലോൺ അക്കൗണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എറണാകുളം ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 531/2022ൽ വിശദീകരിച്ച പ്രകാരം 07.10.2024ന് ഈടാക്കാനുള്ള തുകയായ **1,44,60,887.43 (ഒരു കോടി നാൽപ്പത്തിനാല് ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറ്റി എൺപത്തിയേഴ് രൂപ നാൽപ്പത്തിമൂന്ന് പൈസ മാത്രം)** കൂടാതെ 08.10.2024 മുതലുള്ള പലിശയും പിഴപ്പലിശയും ചെലവുകളും സഹിതം തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **06.11.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നം. 1: **വസ്തു ഉടമയുടെ പേര്:** ശ്രീ അഹമ്മദ് ബഷീർ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ കളനാട് വില്ലേജിൽ റീസർവ്വെ നം. 214/2പീടി, (സർവ്വെ നം. 15/170) ഉദുമ എസ്.ആർ.ഒ യിൽ 16.12.2009ന് രജിസ്റ്റർ ചെയ്ത 4623/2009 ജൻമം വിൽപ്പന ആധാരപ്രകാരം ശ്രീ അഹമ്മദ് ബഷീറിന്റെ ഉടമസ്ഥതയിൽ 4000 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള റസിഡെൻഷ്യൽ ബിൽഡിംഗ് അടക്കം (ഡോർ നം. 15/170) കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 30 സെന്റ് സ്ഥലം. **അതിർത്തികൾ:** വടക്ക്: ദൈനാബിയുടെ സ്ഥലം, കിഴക്ക്: കരുവന്റെയും ചിരുവന്തന്റെയും സ്ഥലം, തെക്ക്: കണ്ണന്റെ നിയമപരമായ അവകാശികളുടെ സ്ഥലം, പടിഞ്ഞാറ്: റോഡ്.

കരുതൽ വില: 66,20,000.00 (അറുപത്തിയാറു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)	
നിരതദ്രവ്യം (EMD): 6,62,000.00 (ആറ് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ മാത്രം) (EMD 05.11.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്	
ബിഡ് ഇൻക്രിമെന്റ് തുക: 10,000 (പത്തായിരം രൂപ മാത്രം)	
ഇ-ലേലത്തിന്റെ തിയതിയും സമയവും: 06.11.2024ന് രാവിലെ 10.30 മുതൽ 11 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.	
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01.01.2009 മുതൽ 23.09.2024 വരെ, ബാധ്യതകൾ ഒന്നും തന്നെ ഇല്ല	

ഐറ്റം നം. 2: **വസ്തു ഉടമയുടെ പേര്:** ശ്രീ മാറൂഫ് എം.ഡി, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ ബേള വില്ലേജിൽ സർവ്വെ നം. 503/3പീടി ബദിയട്ക്ക എസ്.ആർ.ഒ യിൽ 27.02.2018ന് രജിസ്റ്റർ ചെയ്ത 985/2018 ജൻമം വിൽപ്പന ആധാരപ്രകാരം കൈവശങ്ങളും ദേഹണ്ഡങ്ങളുമടക്കം പുരോഗതിയോട് കൂടിയ എല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 48.56 ആർസ് (120 സെന്റ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: പഞ്ചായത്ത് റോഡ്, കിഴക്ക്: അബ്ദുല്ലയുടെ സ്ഥലവും റോഡും, തെക്ക്: മഹ്ഫൂസിന്റെയും സുന്ദരയുടെയും സ്ഥലം, പടിഞ്ഞാറ്: ഇബ്രാഹിമിന്റെ സ്ഥലം.

കരുതൽ വില: 44,30,000.00 (നാൽപ്പത്തിനാല് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)	
നിരതദ്രവ്യം (EMD): 4,43,000.00 (നാല് ലക്ഷത്തി നാൽപ്പത്തി മൂവായിരം രൂപ മാത്രം) (EMD 05.11.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്	
ബിഡ് ഇൻക്രിമെന്റ് തുക: 10,000 (പത്തായിരം രൂപ മാത്രം)	
ഇ-ലേലത്തിന്റെ തിയതിയും സമയവും: 06.11.2024ന് ഉച്ചക്ക് 2:30 മുതൽ 3:30 വരെ വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.	
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: അധികാരപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ച ഇസി/സെർച്ച് റിപ്പോർട്ട് പ്രകാരം 01.01.2009 മുതൽ 23.09.2024 വരെ, ബാധ്യതകൾ ഒന്നും തന്നെ ഇല്ല	

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. www. southindianbank.com വിശദാംശങ്ങൾ https://bankauctions.in ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: 0497 2713234/2713235) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് ചെർക്കള 04994 284800, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി 8848659770 എന്ന നമ്പറിലൊ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 08.10.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

വീടുകൾ നിർമിച്ചുനൽകും

കാസർകോട്: ബൈത്തുസകാത്തിന്റെ 25ാം വാർഷികദിനത്തിൽ 25 വീടുകൾ നിർമിച്ചുനൽകാൻ തുടക്കമിട്ട് ബൈത്തുസകാത് കേരള. 2024 ഒക്ടോബർ മുതൽ 2025 ഒക്ടോബർ വരെ 'ബൈത്തുസകാത്: കേരള സാമൂഹിക പുരോഗതിയുടെ 25 വർഷങ്ങൾ' തലക്കെട്ടിൽ ജില്ലയിൽ 25 വീടുകൾ നിർമിച്ചുനൽകുമെന്ന് ഭാരവാഹികൾ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

ബൈത്തുസകാത് കേരള 25ാം വാർഷികം ഒക്ടോബർ 14ന് നാലിന് കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ ജമാഅത്തെ ഇസ്‍ലാമി കേരള അമീർ പി. മുജീബ് റഹ്മാൻ ഉദ്ഘാടനം ചെയ്യും. രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യാതിഥിയാകും. ബൈത്തുസകാത് കേരള ചെയർമാൻ ശൈഖ് മുഹമ്മദ് കാരകുന്ന്, പീപിൾസ് ഫൗണ്ടേഷൻ ചെയർമാൻ പി.ഐ. നൗഷാദ്, അബ്ബാസ് ബീഗം, ഷാനവാസ് പാദൂർ, അതീഖുറഹ്മാൻ ഫൈസി, സജ്ഊദ് ഉമർ എന്നിവർ സംബന്ധിക്കും. യു.പി. സിദ്ദീഖ് മാസ്റ്റർ, ടി.ജെ. ഫവാസ്, സഈദ് ഉമർ, പി.എസ്. അബ്ദുല്ലക്കുഞ്ഞി എന്നിവർ വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.

പുസ്തകോത്സവം

കാഞ്ഞങ്ങാട്: ജില്ല ലൈബ്രറി കൗൺസിൽ വികസനസമിതി സംഘടിപ്പിക്കുന്ന പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രശസ്ത കവികളായ വയലാർ രാമവർമ, പി. ഭാസ്കരൻ എന്നിവരുടെ അനുസ്മരണ സമ്മേളനവും ഗാനാലാപന മത്സരവും നടക്കും.

16ന് വൈകീട്ട് നാലിന് നടക്കുന്ന വയലാർ അനുസ്മരണം കവി ദിവാകരൻ വിഷ്ണുമംഗലം ഉദ്ഘാടനം ചെയ്യും. കവി നാലാപ്പാടം പത്മനാഭൻ അനുസ്മരണപ്രഭാഷണം നടത്തും. തുടർന്ന് വയലാർ കവിതാലാപന മത്സരം ഓപൺ ടു വിഭാഗത്തിനായി സംഘടിപ്പിക്കും. 17ന് വൈകീട്ട് നാലിന് ചേരുന്ന പി. ഭാസ്കരൻ അനുസ്മരണ സമ്മേളനം കവിയും പുരോഗമന കലാസാഹിത്യസംഘം ജില്ല പ്രസിഡന്റുമായ സി.എം. വിനയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് പി. ഭാസ്കരൻ രചിച്ച സിനിമ ഗാനങ്ങളുടെ ആലാപന മത്സരം നടക്കും.

തഹയ്യുഅ് ജില്ല എക്സിക്യൂട്ടിവ് ക്യാമ്പ്

തഹയ്യുഅ് ജില്ല എക്സിക്യൂട്ടിവ് ക്യാമ്പ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.എസ്. തങ്ങൾ മദനി ഓലമുണ്ട ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: സമസ്ത മദ്റസ മാനേജ്മെന്റ് ജില്ല കമ്മിറ്റി നേതൃത്വത്തിൽ തഹയ്യുഅ് ജില്ല എക്സിക്യൂട്ടിവ് ക്യാമ്പ് നീലേശ്വരം കോട്ടപ്പുറം ഹൗസ് ബോട്ടിൽ സംഘടിപ്പിച്ചു.

ജില്ല വർക്കിങ് പ്രസിഡന്റ് കെ.ബി. കുട്ടിഹാജി കാഞ്ഞങ്ങാട് അധ്യക്ഷതവഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.എസ്. തങ്ങൾ മദനി ഓലമുണ്ട ഉദ്ഘാടനം ചെയ്തു.

എസ്.കെ.എസ്.എസ്.എഫ് കണ്ണൂർ ജില്ല പ്രസിഡന്റ് അസ് ലം അസ്ഹരി പൊയ്യുംകടവ് 'നേതാവ് എങ്ങനെയായിരിക്കണം' ക്ലാസെടുത്തു. ജില്ല ജന. സെക്രട്ടറി റഷീദ് ബെളിഞ്ചം നേതൃത്വം നൽകി. എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി സി.കെ.കെ. മാണിയൂർ അനുഗ്രഹപ്രഭാഷണവും ജില്ല വർക്കിങ് സെക്രട്ടറി കെ.എ. മൊയ്തീൻ മാസ്റ്റർ കമ്പല്ലൂർ ആമുഖഭാഷണവും നടത്തി. ഖലീലുറഹ്മാൻ കാശിഫി, റഫീഖ് കോട്ടപ്പുറം, സി.എം. അബ്ദുൽ ഖാദർ ഹാജി ചെർക്കള, ബഷീർ തൽപനാജ, ഗോവ അബ്ദുല്ല ഹാജി, അസീസ് ഹാജി പടിയത്തടുക്ക, അബ്ദുറഹ്മാൻ ഹാജി തെക്ക്പുറം, ബേർക്ക അബ്ദുല്ല ഹാജി, മൂസഹാജി ചേരൂർ, മൂസഹാജി കോഹിനൂർ തുടങ്ങിയവർ സംബന്ധിച്ചു.

വഖ്ഫുകളുടെ സാമൂഹിക വികാസവും സ്ത്രീകളും

നസീഫ് എം.കെ, അലവി ചെറുവാടി

പുതിയ ലക്കം വിപണിയിൽ

വാർധക്യം ആനന്ദകരമാക്കാം

സുബൈദ ബദറുദ്ദീൻ

പ്രവാചകനോടുള്ള ഇഷ്ടം

ഹുസ്ന മുംതാസ്

ദാമ്പത്യജീവിതം വിലയിരുത്താൻ 13 ചോദ്യങ്ങൾ

ഡോ. ജാസിം അൽ മുത്വവ്വ

aramamonline·net aramammasika

ആരാമം മാസിക

Manager: Silver Hills, Calicut -12, Phone : 0495 - 2730073, managerprabodhanamclt@gmail.com
Circulation: Silver Hills, Calicut - 12, Phone: 0495 - 2731486, aramamvellimadukunnu@gmail.com
Advertisement: Ph: 8281572448 advtaramam@gmail.com